## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3357 — 24-06-2013 ൽ മറുപടിക്ക്

### ഹോളോഗ്രാം ലേബൽ നിർമ്മാണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി ഹോളോഗ്രാം ലേബൽ നിർമ്മിച്ചുനൽകുന്നതിന് സി-ഡിറ്റുമായി എന്തെങ്കിലും കരാറുണ്ടോ; | (എ) ഉണ്ട്. എക്സൈസ് കമ്മീഷണർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, രജിസ്ട്രാർ, സി-ഡിറ്റ് എന്നിവർ ചേർന്നുള്ള, ഹോളോഗ്രാം ലേബൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് നിർമ്മിച്ചു നൽകുന്നതിനായുള്ള ഒരു ത്രൈപാർട്ടി കരാർ നിലവിലുണ്ട്. |
| (ബി) എങ്കിൽ കരാർ എന്നു മുതലാണെന്നും കാലാവധി എന്നാണവസാനിക്കുന്നതെന്നും പ്രസ്തുത കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുമോയെന്നും വിശദമാക്കുമോ; | (ബി) ടി കരാറിന്റെ കാലാവധി, 01-07-2012 മുതൽ ആറുമാസത്തേക്കായിരുന്നു (31-12-2012 വരെ). എന്നാൽ, 04-01-13 തീയതിയിലെ 23008/എ3/2012/നി.വ. നമ്പർ സർക്കാർ കത്തുപ്രകാരം, ടി കരാറിന്റെ കാലാവധി, 01-01-2013 മുതൽ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട് (30-06-13 വരെ). കാലാവധി ഇനി യും ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിൽ പുതിയ സുരക്ഷാ സങ്കേതങ്ങൾ സംബന്ധിച്ച് എക്സൈസ് വകുപ്പ് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് ആരാണ് തയ്യാറാക്കിയതെന്നും പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ; | (ഡി) സർക്കാർ നിർദ്ദേശ പ്രകാരം, എക്സൈസ് കമ്മീഷണർക്കു വേണ്ടി, ശ്രീ.എൻ.പ്രശാന്ത്, ഐ.എ.എസ്., അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) ആണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും, ആയത് സർക്കാർ പരിശോധിച്ച ശേഷം, സെക്യൂരിറ്റി ലേബൽ നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനായി, എക്സൈസ് കമ്മീഷണർ, അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം), സി-ഡിറ്റ് ഡയറക്ടർ, സി-ഡിറ്റ് രജിസ്ട്രാർ എന്നിവരും, ഈ മേഖലയിൽ പരിജ്ഞാനമുള്ള 2 വിദഗ്ദ്ധരേയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഇ) റിപ്പോർട്ടിന്റെ പകർപ്പ്, അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ